കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഉദയഗിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.13/1888/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി : 03-02-2020.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
ഉദയഗിരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: ഉദയഗിരി ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

---------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയഗിരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 ധനകാര്യ പത്രികയുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15.

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)

3. കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.13/1888/2019.

തീയതി: 03-02-2020.

# കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-02-2019 മുതൽ 08-12-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിനു ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകങ്ങളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ എം.പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09-12-2019 മുതൽ 26-12-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1) ശ്രീ.പ്രമോദ്.കെ .വി, ഓഡിറ്റ് ഓഫീസർ |
| | 2) ശ്രീ.ഗണേശൻ കേളോത്ത്,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | |

| | |
|---|---|
| | 3) ശ്രീമതി ധന്യ.എം.വി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.മിനി മാത്യു | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.പ്രകാശൻ. എ .വി | 01-04-2018 മുതൽ 15-07-2018 വരെ |
| | ശ്രീ.ഒ.എം.ജോർജ്ജ് | 16-07-2018 മുതൽ 31-03-2019 വരെ |

(ഡി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.അനൂപ്.ആർ. എൽ | 01-04-2018 മുതൽ 15-05-2018 വരെ |
| | ശ്രീമതി.അനശ്രീ.എസ് | 16-05-2018 |
| | ശ്രീ.അനൂപ്.ആർ. എൽ | 17-05-2018 മുതൽ 01-08-2018 വരെ |
| | ശ്രീമതി.വീണ വിജയൻ | 02-08-2018 മുതൽ 30-10-2018 വരെ |
| | ശ്രീമതി.ലക്ഷ്മി മുരുകൻ | 31-10-2018 മുതൽ 01-11-2018 വരെ |
| | ശ്രീ.അനൂപ്.ആർ. എൽ | 02-11-2018 മുതൽ 13-02-2019 വരെ |
| | ശ്രീമതി.രാഗിഷ രാമദാസ് | 14-02-2019 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ജാക്സൺ ജോസഫ് | 01-04-2018 മുതൽ 24-05-2018 വരെ |
| | ശ്രീ.വിപിൻ അണിയേരി | 25-05-2018 മുതൽ 02-07-2018 വരെ |
| | ശ്രീ.ദീപു രാജൻ ആർ | 03-07-2018 മുതൽ 26-11-2018 വരെ |
| | ശ്രീ.പ്രകാശൻ ഡി | 27-11-2018 മുതൽ 01-03-2019 വരെ |
| | ശ്രീമതി. ലിജി | 02-03-2019 മുതൽ 31-03-2019 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ.ബിജോയ് | 01-04-2018 മുതൽ 31- |

| | | |
|---|---|---|
| | വർഗ്ഗീസ് | 03-2019 വരെ |
| വി.ഇ.ഒ(ഉദയഗിരി സർക്കിൾ) | ശ്രീ. മുഹമ്മദ് ബഷീർ | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ.<br>(മണക്കടവ് സർക്കിൾ) | ശ്രീ .പ്രദീപ്. എ ആർ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി ഉദയഗിരി) | ഡോ. ഷൈലജ<br>വർമ്മ | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജോസഫ്.പി. എ | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.നളിനമ്മ.<br>കെ.ജി | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്റ്റർ<br>ഗവ.യു.പി. എസ്, പൂവഞ്ചാൽ | ശ്രീ.ജോസഫ് മാത്യൂ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ സിമി എം കെ | 01-04-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം - 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-12 |
| 13 | ഇടെണ്ടർ- ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല | 1-13 |
| 14 | ഇ എം എസ് ഭവന നിർമ്മാണ പദ്ധതി-നടപടി ത്വരിതപ്പെടുത്തേണ്ടതാണ്. | 1-14 |

| | | |
|---|---|---|
| 15 | റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 1-15 |
| 16 | മരാമത്ത് പ്രവൃത്തി - നിയമപ്രകാരമുള്ള കലക്ഷൻ ചാർജ് വസൂലാക്കേണ്ടതാണ്. | 1-16 |
| 17 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-ലൈസൻസില്ലാത്ത പ്രവർത്തനം-90,000/- രൂപ തടസപ്പെടുത്തുന്നു. | 1-17 |
| 18 | ആദായനികുതി റിട്ടേൺ-പിഴ ഒടുക്കിയത് തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. | 1-18 |
| 19 | തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകിയത്- സമയബന്ധിതമായി തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-19 |
| 20 | പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി പ്രവർത്തനം കാര്യക്ഷമമല്ല | 1-20 |
| 21 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം - ലൈസൻസും അനുബന്ധരേഖകളും ലഭ്യമാക്കിയില്ല.-3,20,000/- രൂപ തടസപ്പെടുത്തുന്നു. | 1-21 |
| 22 | പാലിയേറ്റീവ് പരിചരണം:- ഗുണഭോക്തൃലിസ്റ്റ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല | 1-22 |
| 23 | ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർ ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. | 1-23 |
| 24 | പാലുല്പാദന ബോണസ്-നിർവ്വഹണ അപാകങ്ങൾ-4,85,359/- രൂപ തടസപ്പെടുത്തുന്നു. | 1-24 |
| 25 | തെരുവ് വിളക്കിന് ലൈൻ ദീർഘിപ്പിക്കൽ- വിളക്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-25 |
| 26 | തെരുവ് വിളക്കുകൾക്ക് എ.എം.സി - അപാകതകൾ | 1-26 |
| 27 | സബ്സിഡി തുകകളുടെ തെറ്റായ വിനിയോഗം-17,500/- രൂപ തടസപ്പെടുത്തുന്നു. | 1-27 |
| ഭാഗം - 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 30 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 32 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 33 | സ്ഥിര നിക്ഷേപം | 4-6 |
| 34 | ഓഡിറ്റ് റിക്കവറി | 4-7 |
| | | |

| | | |
|---|---|---|
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 36 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 37 | സംക്ഷിപ്ത വിവരം | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 39 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 40 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 41 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 42 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19വർഷത്തെ ബജററ് ഭരണസമിതിയുടെ 01-3-2018ലെ 57/18 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 20-02-2019ലെ 23/19 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 16,91,278 |
| വരവ് | 10,76,64,500 |
| ആകെ | 10,93,55,778 |
| ചെലവ് | 10,65,11,530 |
| നീക്കിയിരിപ്പ് | 28,44,248 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2019 | 10-05-2019 | തിരിച്ചയച്ചിട്ടില്ല. |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് &

# പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 99,65,417 |
| വരവ് | 8,53,29,073 |
| ആകെ | 9,52,94,490 |
| ചെലവ് | 8,47,68,296 |
| നീക്കിയിരിപ്പ് | 1,05,26,194 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | ------ | 16541000 | 16541000 | 15180306 | 1360694 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | -------- | 499000 | 499000 | 498299 | 701 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | -------- | 3867000 | 3867000 | 3792291 | 74709 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | ------ | 14686000 | 14686000 | 14686000 | 0 |
| മെയിന്റനൻസ്,നോൺ-റോഡ് (ACR പ്രകാരം) | -------- | 3588000 | 3588000 | 3134632 | 453368 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | --------- | 7677000 | 7677000 | 7677000 | 0 |
| സാക്ഷരത | 976 | 0 | 976 | 0 | 976 |
| ദുരിതാശ്വാസനിധി | 2171 | 953 | 3124 | 0 | 3124 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>1) എം ജി എൻ ആർഇ ജിഎസ് തൊഴിലാളികളുടെ കൂലി | 0 | 40056597 | 40056597 | 40056597 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 392653 | 392653 | 389250 | 3403 |
| 2) എം പി എൽ എ ഡി എസ് | 496 | 530060 | 530556 | 530100 | 456 |
| 3) പശ്ചിമഘട്ട വികസന പദ്ധതി | 25394 | 1032 | 26426 | 0 | 26426 |
| 4)സമ്പൂർണ്ണ ശുചിത്വം | 133080 | 0 | 133080 | 0 | 133080 |

| | | | | | | |
|---|---|---|---|---|---|---|
| 5)അനുപൂരക പോഷകാഹാരം | | 1527629 | 423838 | 1951467 | 211593 | 1739874 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ<br>1)ശുചിത്വ മിഷൻ | | 25000 | 1862500 | 1887500 | 152500 | 1735000 |
| 2)വിമുക്തി | | 15120 | 25000 | 40120 | 40120 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് (ഇരിക്കൂർ) | 0 | 2798500 | 2798500 | 2598500 | 200000 |
| | ജില്ലാ പഞ്ചായത്ത് | 0 | 3640091 | 3640091 | 3635292 | 4799 |
| ബി ഫണ്ട് | | 0 | 42714960 | 42714960 | 42714960 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 8608346 | 8608346 | 8608346 | 0 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | | 5036799 | 1774000 | 6810799 | 4001943 | 2808856 |

കുറിപ്പ്-ജനറൽ പർപ്പസ് ഗ്രാന്റ്, തനത് ഫണ്ട് ഇവയുടെ വരവ്-ചെലവ് – നീക്കിയിരിപ്പ് വിവരം വ്യക്തമാക്കുന്ന പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 93980723 | 133 | 59322632 | 19 | 61 | 59 |

ലഭ്യമായ പദ്ധതിപ്പണം വിനിയോഗിക്കുന്നതിൽ 2018-19 വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്.വികസനഫണ്ട് ജനറൽ വിഭാഗത്തിൽ 91.77 ശതമാനവും വികസന ഫണ്ട് എസ് സി പി വിഭാഗത്തിൽ 99.85 ശതമാനവും വികസന ഫണ്ട് ടി എസി പി വിഭാഗത്തിൽ 98.06 ശതമാനവും തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

പദ്ധതി രൂപീകരണ-നിർവ്വഹണ പ്രക്രിയയിലെ പ്രസക്തമായ അപാകങ്ങൾ ചുവടെ ചേർക്കുന്നു

വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ച കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ, വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചതായി കാണുന്നില്ല. 2018-19 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ അവയുടെ തുടർയോഗങ്ങളിൽ 2018-19 വർഷത്തെ പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടില്ല. മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ട് മോണിറ്ററിംഗ് ചെയ്യുന്നില്ല. സംഘാടനച്ചുമതലയുള്ള കൺവീനർമാർ പങ്കെടുക്കാത്ത യോഗങ്ങളും നടന്നിട്ടിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിന് അനുയോജ്യമായ രീതിയിയിൽ കുറ്റമറ്റ ആസൂത്രണ സംവിധാനം നടപ്പിലാക്കുന്നില്ലെന്ന് ഇതിൽ നിന്നും മനസ്സിലാവുന്നു.

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർണായകമായ പങ്കാണുള്ളത്. അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആഴത്തിൽ പരിശോധിച്ച്, സ്ഥാപനത്തിന്റെ പ്രത്യേകതകൾക്ക് ഇണങ്ങുന്നതും ജനങ്ങൾക്ക് ആവശ്യമുള്ളതുമായ പദ്ധതികൾ രൂപീകരിക്കുകയും നിർദേശിക്കുകയും ചെയ്യുകയും പദ്ധതികളുടെ നടത്തിപ്പിന്റെ മോണിറ്ററിങ്ങ് നടത്തുകയും ചെയ്യുക എന്ന സുപ്രധാനമായ ഉത്തരവാദിത്തമാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുള്ളത്. എന്നാൽ ഈ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. പദ്ധതികളുടെ പുരോഗതി സംബന്ധിച്ച ഇടക്കാല വിലയിരുത്തലുകൾ നടത്തുകയും ശ്രദ്ധയിൽ പെടുന്ന ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുക എന്നതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. വിഭാവനം ചെയ്ത രീതിയിലും കലണ്ടർ പ്രകാരവും പ്രോജക്ട് പൂർത്തീകരിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്താൻ വർക്കിംഗ് ഗ്രൂപ്പുകളുടെ നിരന്തരമായ വിലയിരുത്തലും മോണിറ്ററിങ്ങും അനിവാര്യമാണ്.
വികേന്ദ്രീകൃതാസൂത്രണ പ്രകിയയിൽ മോണിറ്ററിങ്ങിന് ഏറെ പ്രാധാന്യമുണ്ട്. ഏറ്റെടുത്തു നടപ്പാക്കുന്ന പദ്ധതികളുടെ ഫലദായകത്വം ഉറപ്പു വരുത്തുന്നതിന് ഫലപ്രദമായ മോണിറ്ററിങ്ങ് ഉണ്ടായേ മതിയാവൂ. ചെലവഴിക്കപ്പെടുന്ന പൊതുധനത്തിന്റെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തുന്ന തരത്തിലേക്ക് മോണിറ്ററിങ്ങ് സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2.വിവിധ പദ്ധതികൾക്കായി ലഭ്യമാകുന്ന തുകകൾ സമയബന്ധിതമായി
വിനിയോഗിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബി-4 പട്ടികയിലെ നീക്കിയിരിപ്പ് തുകയിലെ നിലവിലെ സ്ഥിതി സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 29/24-12-2019 മുഖേന വിവരം ആവശ്യപ്പെട്ടതിൽ വിവിധ പദ്ധതികളിലായി ചുവടെ ചേർത്ത പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ നിഷ്ക്രിയമായി കിടക്കുന്നുണ്ട്.

| ക്രമ നം. | ഇനം | 24-12-2019ലെ നീക്കിയിരിപ്പ് തുക | ലഭ്യമായ വർഷം |
|---|---|---|---|
| 1 | പശ്ചിമഘട്ട വികസന പദ്ധതി | 27,225 | 2012-13 |
| | | | |

| | | | |
|---|---|---|---|
| 2 | സംയോജിത ശിശു വികസന പദ്ധതി | 16,19,370 | 2013-14 |
| 3 | ശുചിത്വ മിഷൻ | 17,35,000 | 2017-18 |
| 5 | സമ്പൂർണ്ണ ശുചിത്വം | 1,33,080 | 2016-17 |
| 6 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 54,98,480 | 2018-19<br>2019-20 |
| 7 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 6,37,121 | 2016-17 |

ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 392653 | 392653 | 389250 | 3403 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 40056597 | 40056597 | 40056597 | 0 |
| ആകെ | 0 | 40449250 | 40449250 | 40445847 | 3403 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41,160 | 29 |
| കർഷക തൊഴിലാളി പെൻഷൻ | 34,11,000 | 262 |
| വിധവാപെൻഷൻ | 76,00,800 | 631 |
| വാർദ്ധക്യകാല പെൻഷൻ | 2,84,47,600 | 2293 |
| ഭിന്നശേഷിക്കാർക്കായുള്ള പെൻഷൻ | 28,58,000 | 233 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3,12,400 | 30 |
| വിവാഹധനസഹായം | 30,000 | 1 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 18-12-2019ന് 11.30ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1175/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ 2018-19 കാലയളവിൽ മെയ്, ജൂൺ, ഡിസംബർ മാസങ്ങൾ ഒഴികെ 12 തവണകളിലായി ജീവനക്കാരുടെ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരുവാൻ ശ്രദ്ധിക്കേണ്ടതാണ്. പൊതുജന സേവനം സമയബന്ധിതവും കാര്യക്ഷമമവുമാക്കുന്നതിന്റെ ഭാഗമായി തൻപതിവേട് എല്ലാമാസവും 10ാം തീയ്യതിക്കകം പൂർത്തീകരിച്ച് ഹെഡ് ക്ലർക്ക് മുഖേന സെക്രട്ടറിക്ക് സമർപ്പിക്കുവാൻ യോഗത്തിൽ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഫീസ് പൊതുജന സൗഹൃദമാക്കുന്നതും നികുതി പിരിവ് പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ചും വിവിധ യോഗങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്റർ സഞ്ചയയുമായി ഒത്തുനോക്കിയതിൽ ചില രേഖപ്പെടുത്തലുകൾ കാലികമാക്കിയിട്ടില്ല. മറ്റു പ്രധാന രജിസ്റ്ററുകൾ പൊതുവേ തൃപ്തികരമായി സൂക്ഷിച്ചുവരുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന്മാർ സൂക്ഷിക്കേണ്ടുന്നതായ പ്രോജക്ട് രജിസ്റ്റർ , സബ്സിഡറി രജിസ്റ്റർ തുടങ്ങിയവ വെറ്റിനറി സർജൻ , അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ സൂക്ഷിച്ചിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-11-2019 | 2019 ഒക്ടോബർ | 20-11-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-02-2011 മുതൽ 01-03-2011 വരെ | 2005-06 മുതൽ 2009-10 വരെ | 04-04-2011 |

# 1-11 വാർഷികകണക്കിലെ അപാകങ്ങൾ

1.ബാലൻസ് ഷീറ്റ് ബി-11 ൽ രേഖപ്പെടുത്തിയ ആസ്തിയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2.ബാലൻസ് ഷീറ്റ് ബി 4 ലെ കോഡ് നമ്പർ 320200307 ൽ കൊടുത്ത തുക ബി-17 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

# 1-12 തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽനികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ വർക്കർമാരിൽ നിന്നും ഹെൽപ്പർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2) പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തു ശേഷം സ്ഥലം മാറിപ്പോയിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | തസ്തിക | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|---|
| 1 | ശ്രീമതി.സരിത പി.വി | ലഭ്യമല്ല | ജി.എച്ച്.എസ് ശ്രീപുരം,മണക്കടവ് | ഒന്നാം അർദ്ധവർഷം |
| 2 | ശ്രീമതി.അമ്പിളി ജോസ് | ലഭ്യമല്ല | ജി.എച്ച്.എസ് ശ്രീപുരം, മണക്കടവ് | ഒന്നാം അർദ്ധവർഷം |
| 3 | ശ്രീ.സജി മാത്യു | ലഭ്യമല്ല | ജി.എച്ച്.എസ് ശ്രീപുരം, മണക്കടവ് | ഒന്നാം അർദ്ധവർഷം |
| 4 | ശ്രീ.വിനീത് വേണുഗോപാൽ | ഓഫീസ് അസിസ്റ്റന്റ് | കേരള ഗ്രാമീണ ബാങ്ക്, ഉദയഗിരി | ഒന്നാം അർദ്ധവർഷം |
| 5 | ശ്രീമതി.സ്മിത.എം. ജെ | നഴ്സ് ഗ്രേഡ് II | പി.എച്ച്.സി , ഉദയഗിരി | രണ്ടാം അർദ്ധവർഷം |
| 6 | ശ്രീ.അബ്ദുൾസലാം.കെ | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | വെറ്ററിനറി ഹോസ്പിറ്റൽ, ഉദയഗിരി | രണ്ടാം അർദ്ധവർഷം |
| 7 | ശ്രീ.പങ്കജാക്ഷൻ.സി.കെ | അസിസ്റ്റന്റ് സെക്രട്ടറി | ഉദയഗിരി ഗ്രാമപഞ്ചായത്ത്, കാർത്തികപുരം | ഒന്നാം അർദ്ധവർഷം |
| 8 | ശ്രീമതി.സ്മിത.എ.ജി | എൽ.പി.എസ്. എ | പ്രത്യാശ യു.പിസ്കൂൾ, ഉദയഗിരി | ഒന്നാം അർദ്ധവർഷം |

| | | | | |
|---|---|---|---|---|
| 19 | ശ്രീമതി.വീണ വിജയൻ | കൃഷി ഓഫീസർ | കൃഷി ഭവൻ, ഉദയഗിരി | രണ്ടാം അർദ്ധവർഷം |

ഇത് സംബന്ധിച്ച് 21-12-19 ന് നൽകിയ 21ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മേൽ പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിവരം ലഭ്യമാക്കുമെന്നറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കേണ്ടതാണ്.

# 1-13 ഇടെണ്ടർ- ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

ഉദയഗിരി ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ടെണ്ടറുകളുടെ, ടെണ്ടർ ഫീസിനത്തിൽ 1,12,414/- രൂപ (2016-17-22,500+2017-18-47,564+2018-19-42,350) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ആയത് തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 ഇ എം എസ് ഭവന നിർമ്മാണ പദ്ധതി-നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 25-09-2018 തീയതിയിലെ തീരുമാന നമ്പർ 203/18(7), 203/18(8) പ്രകാരം യഥാക്രമം 2009-10, 2010-11വർഷങ്ങളിലായി ഇഎംഎസ് ഭവന നിർമ്മാണ പദ്ധതിക്ക് വേണ്ടി ശ്രീമതി.വസന്ത മല്ലിയോടൻ രണ്ടു ഗഡു തുകയായ 40,000/- രൂപയും ശ്രീമതി.സുഹറ ചെരിവുപുരയിടത്തിൽ ആദ്യ ഗഡു തുകയായ 22,500/- രൂപയും കൈപ്പറ്റുകയും എന്നാൽ നാളിതു വരെയായി ഭവന നിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ലായെന്ന് വി ഇ ഒ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ഗുണഭോക്താക്കൾ കൈപ്പറ്റിയ തുകകൾ പലിശ സഹിതം തിരിച്ച് പിടിക്കാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആയതിന്റെ മാർഗ്ഗ നിർദ്ദേശ (സ.ഉ.(എം.എസ്)151/2017/ത.സ്വ.ഭ.വ. തീയതി 31-07-2017) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ (ജി.ഒ. (എം.എസ്) നം. 11/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും

റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

# 1-16 മരാമത്ത് പ്രവൃത്തി - നിയമപ്രകാരമുള്ള കലക്ഷൻ ചാർജ് വസൂലാക്കേണ്ടതാണ്.ഇപ്രകാരം വസൂലാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ ഈടാക്കുന്നില്ല.

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ട്, 1996 ലെ വകുപ്പ് 3(3) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് തുകയുടെ 1% ചെലവിന് ഉറവിടത്തിൽ നിന്നു തന്നെ വസൂലാക്കി കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ അടക്കണമെന്നും ഇപ്രകാരം വസൂലാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ അതതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കി തനത് ഫണ്ടിൽ ഒടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ, നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് തുകയുടെ ഒരു ശതമാനമായ 68,357/- രൂപ ചെലവിന്റെ ഉറവിടത്തിൽ നിന്നു തന്നെ വസൂലാക്കി കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ അടച്ചിട്ടുണ്ട്. ഇപ്രകാരം ഈടാക്കുന്ന തുകയിൽ നിന്നും ഒരു ശതമാനം തുക കളക്ഷൻ ചാർജിനത്തിൽ തനത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല. ഈ ഇനത്തിൽ തുക ഈടാക്കുമ്പോൾ അർഹമായ വിഹിതം തനത് ഫണ്ടിലേക്ക് വരവ് വെക്കേണ്ടതാണ്.

# 1-17 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട- ലൈസൻസില്ലാത്ത പ്രവർത്തനം-90000/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 60/2019 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട |
| നിർവ്വഹണം | വി ഇ ഒ (ഉദയഗിരി സർക്കിൾ) |
| അടങ്കൽ | 90,000/- രൂപ |

| ബിൽ നമ്പർ/തീയതി | 35/2018-19 തീയതി 23-03-2019. |
|---|---|

പ്രസ്തുത പ്രോജക്ട് പ്രകാരം ശ്രീമതി.ദിവ്യ.ടി.ഡി, ശ്രീ.അബൂബക്കർ.പി.എം, ശ്രീ.ഗോപാലകൃഷ്ണൻ.പി. ആർ. എന്നീ ഭിന്നശേഷിക്കാർക്ക് പെട്ടിക്കടകൾ നിർമ്മിച്ചതിന് 30,000/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. പ്രസ്തുത പെട്ടിക്കടകൾ പ്രവർത്തനം ആരംഭിച്ചത് ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച് മേൽവ്യക്തികൾ ലൈസൻസ് എടുത്തതിന്റെയും നിലവിലെ പ്രവർത്തന വിവരവും ഓഡിറ്റ് അന്വേഷണം (22/18-12-2019) മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടിയായി, പ്രസ്തുത ഗുണഭോക്താക്കൾ പെട്ടിക്കട ആരംഭിച്ചിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥർ ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കാത്തതിനാൽ ചെലവ് തുക 90,000/- തടസ്സപ്പെടുത്തുന്നു. ലൈസൻസ് എടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

# 1-18 ആദായനികുതി റിട്ടേൺ-പിഴ ഒടുക്കിയത്- തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള CHNU00470B ടാൻ നമ്പറിൽ, 2012-13, 2013-14, 2014-15 വർഷങ്ങളിലായി 12 റിട്ടേണുകൾ ഫയൽ ചെയ്യാൻ താമസിച്ചതിന് പിഴയായി ഇൻകം ടാക്സ് ഓഫീസ് (ടിഡിഎസ്), കണ്ണൂരിന്റെ ITO(TDS) – Default/2018-19 dtd 16-08-2018 നമ്പർ കത്ത് പ്രകാരം 3,57,050/- രൂപ പിഴ ചുമത്തിയിട്ടുണ്ട്. അപ്പീൽ ഫയൽ ചെയ്യുന്ന നടപടിക്രമത്തിന്റെ ഭാഗമായി പഞ്ചായത്ത് ഭരണസമിതിയുടെ 25-09-2018 തീയതിയിലെ 1/196/2018(8) നമ്പർ തീരുമാന പ്രകാരം, ആകെ പിഴയുടെ 20% തുകയായ 71,410/- രൂപ തനത് ഫണ്ടിൽ നിന്നും (വൗച്ചർ നമ്പർ 21800612 തീയതി 01-10-2018) ആദായ നികുതി വകുപ്പിൽ ഒടുക്കിക്കൊണ്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് താമസിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ(2/18-12-19)ത്തിന് മറുപടിയായി ഭരണസമിതിയുടെ മേൽ കൊടുത്ത തീരുമാന പ്രകാരമാണ് തുക ഒടുക്കിയിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. കാലതാമസത്തിന്റെ കാരണം മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത അപ്പീലിന്മേലുള്ള തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകിയത്- സമയബന്ധിതമായി തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2018-19 വർഷം എംജിഎൻആർഇജിഎ എഞ്ചിനീയർ, ഓവർസീയർ, ഡാറ്റാ എൻട്രി

ഓപ്പറേറ്റർമാർ എന്നിവർക്ക് തനത് ഫണ്ടിൽ നിന്നും വിവിധ മാസങ്ങളിലെ ഓണറേറിയമിനത്തിൽ തുക നൽകിയിട്ടുണ്ട്. ഈയിനത്തിൽ നൽകിയതും ക്രമീകരിക്കാൻ ബാക്കിയുള്ളതുമായ തുകയുടെ വിശദവിവരവും ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭ ബാക്കി | 1,51,750 |
| തൻവർഷം നൽകിയ അഡ്വാൻസ് | 7,63,217 |
| തൻവർഷം തിരികെ ലഭിച്ചത് | 3,85,750 |
| വർഷാവസാനത്തിൽ തിരികെ ലഭിക്കാനുള്ളത് | 5,29,217 |

എം ജി എൻ ആർ ഇ ജി എ എഞ്ചിനീയർ, ഓവർസീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ അഡ്വാൻസ് സമയബന്ധിതമായി തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി പ്രവർത്തനം കാര്യക്ഷമമല്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ആലക്കോട് സർവ്വീസ് സഹകരണ ബാങ്കിൽ ഇതിനായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ 2018-19 വർഷം 953/- രൂപ വരവുണ്ട്. വർഷാവർഷങ്ങളിൽ ലഭിച്ച പലിശയടക്കം 31-03-2019ന് ദുരിതാശ്വാസ നിധിയിൽ 3,403/- രൂപ മാത്രമേ വരവുള്ളൂ. ദുരിതാശ്വാസനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-21 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം -ലൈസൻസും അനുബന്ധരേഖകളും ലഭ്യമാക്കിയില്ല-3,20,000/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ - 120/18-19

വികസനഫണ്ട് - 4,00000/-

തനത് ഫണ്ട് - 5,000/-

ആകെ അടങ്കൽ - 4,05,000/-

ചെലവ് - 4,00,000/-രൂപ

ബിൽ നമ്പർ/തീയ്യതി/തുക – 1) 12/18-19/20-03-19/3,20,000/-

2) 17/18-19/28-03-19/80,000/-

ഉദയഗിരി ഗ്രാമപഞ്ചായത്ത് 2018-19 വർഷം നടപ്പിലാക്കിയ ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം എന്ന പ്രോജക്ടിൽ 5 പേർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വാങ്ങുന്നതിനായി 4,00,000/-രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. വാഹനം കൈപ്പറ്റിയ ഗുണഭോക്താവ് ഡ്രൈവിംഗ് ലൈസൻസ് കോപ്പിയും, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പിയും 45 ദിവസത്തിനകം നിർവ്വഹണ ഉദ്യോഗസ്ഥയെ ഏൽപ്പിക്കുമെന്ന് ഇത് സംബന്ധിച്ച് ചമച്ച എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഒരാൾ മാത്രമേ പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളൂ. ശ്രീ.വർക്കി ചുനയംമാക്കൽ, ദേവസ്യ, രാജേഷ് എന്നിവർ ഡ്രൈവിംഗ് ലൈസൻസ് നേടിയതിന്റെയും ശ്രീ.കൃഷ്ണൻ എന്ന ഗുണഭോക്താവ് ഡ്രൈവിംഗ് ലൈസൻസ് നേടിയതിന്റെയും വണ്ടി രജിസ്റ്റർ ചെയ്തതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് (21-12-19 ന് നൽകിയ 20-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ ഡ്രൈവിംഗ് ലൈസൻസ് നേടിയെന്നും സ്കൂട്ടർ അവരുടെ പേരിൽ തന്നെ രജിസ്റ്റർ ചെയ്തുവെന്നും ഉറപ്പ് വരുത്താനാവാത്ത സാഹചര്യത്തിൽ പ്രസ്തുത നാലു പേരുടെ ചെലവു തുകയായ 3,20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-22 പാലിയേറ്റീവ് പരിചരണം:- ഗുണഭോക്തൃലിസ്റ്റ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്ടിന്റെ പേര്- പാലിയേറ്റീവ് പരിചരണം

പ്രോജക്ട് നമ്പർ - 91/18-19

അടങ്കൽ - 5,62,000/- (വികസനഫണ്ട്- 2,01,190/+ ജില്ലാപഞ്ചായത്ത്- 3,60,810/-)

ചെലവ് - 5,62,000/- രൂപ

2018-19 വർഷം ഉദയഗിരി ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി വിവിധതരത്തിലുള്ള ചെലവുകൾ നടത്തിയിട്ടുണ്ട്. 29.10.15ലെ സഉ(സാധാ) നമ്പർ 3217/2015/തസ്വഭവ ഉത്തരവിലെ 2-5(6)പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്ബ് സൈറ്റിലുള്ള ലിസ്റ്റുകളിലും വരുത്തേണ്ടതാണെന്നും വെബ്ബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്നും തുക ചെലവഴിക്കാൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് പ്രസ്തുത വർഷം ചെലവ് നടത്തിയിട്ടുള്ളത്. ഈ കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-23 ഷ്രഡ്ഢഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർ ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

